**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2393** **30-09-2025 - ൽ മറുപടിയ്ക്ക്**

**നെറ്റ് സീറോ കാർബൺ കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിൽ നടത്തുന്ന പരിസ്ഥിതി പുനസ്ഥാപനപ്രവർത്തനമായ നെറ്റ് സീറോ കാർബൺ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം കാർബൺ എമിഷൻ ലഘൂകരിക്കുവാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ? | (എ) | ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട 92 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ എന്ന ക്യാമ്പയിന് തുടക്കമിട്ടത്. ഇതിന് തുടർച്ചയായി എറണാകുളം ജില്ലയിലെ ഗോശ്രീ ഐലന്റ് ഡവലപ്പ്മെന്റ് അതോറിറ്റിയുടെ പരിധിയിലുള്ള 8 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ ക്യാമ്പയിനുമായി സഹകരിക്കാൻ മുന്നോട്ട് വരികയും ചെയ്തു. നിലവിൽ വടകര മുനിസിപ്പാലിറ്റി ഉൾപ്പെടെ 152 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഈ ക്യാമ്പയിനുമായി സഹകരിക്കുന്നത്.<br><br>ഊർജ്ജമേഖല, കൃഷി-വനം-ഭൂവിനിയോഗം, മാലിന്യം എന്നീ മേഖലകളിൽ നിന്നുള്ള ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നതും കണ്ടൽ ക്കാടുകൾ ഉൾപ്പെടെയുള്ള വൃക്ഷവൽക്കരണം എന്നിവയിലൂടെ അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡ് നീക്കംചെയ്യുന്നതും അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾക്കാണ് ക്യാമ്പയിൻ ഊന്നൽ നൽകുന്നത്.<br><br>സംസ്ഥാനതലത്തിൽ ക്യാമ്പയിന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരും മറ്റുസ്ഥാപനങ്ങളുടെ പ്രതിനിധികളും ഉൾപ്പെടുന്ന ഒരു സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും ജില്ലാതലത്തിൽ പരിസ്ഥിതി പ്രവർത്തകരും സ്ഥാപനങ്ങളിലെ വിദഗ്ധരും ഉദ്യോഗസ്ഥരുമടങ്ങുന്ന ജില്ലാതല കോർ ഗ്രൂപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പരിസ്ഥിതി പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും, റസിഡന്റ്സ് |

അസോസിയേഷനുകളുടേയും മറ്റുവിവിധ വിഭാഗം ജനങ്ങളുടേയും പ്രതിനിധികളടങ്ങുന്ന നെറ്റ് സീറോ കോർ ഗ്രൂപ്പും ഉൾപ്പെടുന്നതാണ് ക്യാമ്പയിൻ സംഘടനാ സംവിധാനം.

കൂടാതെ പ്രാദേശികമായി കലാലയങ്ങളുടേയും സ്കൂളുകളുടേയും വിദ്യാർത്ഥികളുടേയും സേവനം പരമാവധി പ്രയോജനപ്പെടുത്തുവാനും ശ്രമിക്കുന്നുണ്ട്. ചിലയിടങ്ങളിൽ കുടുംബശ്രീ പ്രവർത്തകരുടെ സേവനം ക്യാമ്പയിന് ഉപയോഗപ്പെടുത്തിയിട്ടുണ്ട്.ഈ ക്യാമ്പയിന്റെ സഹായത്തിനായി ഹരിതകേരളം മിഷൻ വേൾഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ടുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

ക്യാമ്പയിന്റെ ഭാഗമായി പരിപാടിയിൽ പങ്കെടുക്കുന്ന 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2395 അങ്കണവാടികൾക്ക് എനർജി മാനേജ്മെന്റ് സെന്ററിന്റെ അംഗൻജ്യോതി ക്യാമ്പയിനിലൂടെ ഊർജ്ജകാര്യക്ഷമത ഉറപ്പാക്കുന്ന പാചക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവ പകൽ സമയത്ത് ഉപയോഗിക്കുന്നതുകൊണ്ട് മിക്കവാറും പൂർണമായും ഗ്രിഡിൽ നിന്നും ലഭ്യമായ സൗരോർജ്ജത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി തന്നെ യാണ് ഉപയോഗിക്കുന്നത്. ഈ അങ്കണവാടികളിൽ വിവിധ മാർഗ്ഗങ്ങളിലൂടെ പ്രത്യേക സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ശ്രമവും നടന്നു വരികയാണ്. കൂടാതെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുൾപ്പെടുന്ന 1120 കെട്ടിടങ്ങളിര സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിയിരുന്നു. ഇതിൽ 883 കെട്ടിടങ്ങൾ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെ ത്തുകയുണ്ടായി. സംസ്ഥാനത്തെ മൊത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ 10 ശതമാനം വരുന്നതാണ് ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം. ഈ സാധ്യതാ പഠന റിപ്പോർട്ട് ബന്ധപ്പെട്ട എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുകയും ഏതെല്ലാം സ്രോതസ്സുകളിൽ നിന്നും അവർക്ക് സഹായം ലഭിക്കുമെന്ന് കാണിച്ചുകൊണ്ട് വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള ടെംപ്ലേറ്റുകളും ലഭ്യമാക്കിയിട്ടുണ്ട്.

ക്യാമ്പയിനിലുൾപ്പെട്ടിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായി ഒരു

നിർവഹണ രൂപരേഖയും തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ വാഹന ഗതാഗത വകുപ്പിന്റെ നിർദ്ദേശ പ്രകാരം ഫോസിൽ ഇന്ധനം ഉപയോഗിക്കുന്ന വാഹനങ്ങൾ പരമാവധി ബഹിർഗമനം കുറയ്ക്കുന്ന വിധം ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങളും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ രേഖകളുടേയും എനർജി മാനേജ്മെന്റ് സെന്ററിന്റെയും സഹായത്തോടെ റസിഡന്റ്സ് അസോസിയേഷൻ, വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, കർഷകർ, ഓട്ടോറിക്ഷാ തൊഴിലാളികൾ ഉൾപ്പെടെയുള്ള ഡ്രൈവർമാർ എന്നിവർക്ക് പരമാവധി കാർബൺ പാദമുദ്ര കുറയ്ക്കുന്നവിധം ഊർജ്ജ വിനിയോഗം സാധ്യമാക്കുന്നതു സംബന്ധിച്ച പരിശീലനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവകലാശാലയുടെ സഹായത്തോടെ ഹരിതഗ്രഹ വാതകങ്ങളുടെ ബഹിർഗമനവും നീക്കം ചെയ്യലും കണക്കാക്കുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുകയും അതുപയോഗിച്ച് വിവരശേഖരണം നടത്തുകയും നിലവിലുള്ള അവസ്ഥ നിർണയിക്കുകയും ചെയ്യുന്നു. എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹായത്തോടെ 653 ഹരിതകർമ്മ സേനാംഗങ്ങൾക്ക് എൽ.ഇ.ഡി. ബൾബ് റിപ്പയറിംഗിൽ ഏകദിന പരിശീലനം നൽകി.

ഗോശ്രീ ഐലന്റ് ഡവലപ്പ്മെന്റ് അതോറിറ്റിയുടെ പരിധിയിൽ ഉൾപ്പെടുന്ന എട്ട് ഗ്രാമപഞ്ചായത്തുകളിലെ കാർബൺ അക്കൗണ്ടിംഗ് പ്രക്രിയ പൂർത്തീകരിക്കുകയും നിലവിലെ അവസ്ഥയും നെറ്റ് സീറോ കാർബൺ അവസ്ഥ കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങളുടങ്ങുന്ന ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ഗോശ്രീ ഡെലവപ്പ്മെന്റ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു പുറമെ വിവിധ ജില്ലകളിലായി സ്കൂളുകളും കലാലയങ്ങളും ഉൾപ്പെടെ 55 സ്ഥാപനങ്ങളിൽ കാർബൺ അക്കൗണ്ടിംഗ് പരിശോധന നടത്തുകയും അതിൽ ഇതുവരെ 11 സ്ഥാപനങ്ങൾ നെറ്റ് സീറോ കാർബൺ അവസ്ഥ കൈവരിച്ചതായും സാക്ഷ്യപ്പെടുത്തുകയും ബാക്കി സ്ഥാപനങ്ങൾക്ക് ഈ അവസ്ഥ കൈവരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും പിന്തുണയും ഹരിതകേരളം മിഷൻ നൽകിയിട്ടുമുണ്ട്.

കൂടാതെ ക്യാമ്പയിനിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തരിശുഭൂമിയിൽ മില്ലറ്റ് ഉൾപ്പെടെയുള്ള കൃഷി , പച്ചത്തുരുത്തുകൾ

| | | | |
|---|---|---|---|
| | | | സ്ഥാപിക്കൽ, സമ്പൂർണ മാലിന്യമുക്തമാക്കലും ആ അവസ്ഥ നിലനിർത്തലും,നീർച്ചാലുകളും ജലാശയങ്ങളും മാലിന്യമുക്തമാക്കൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ വൈദ്യുതി ഉപയോഗം 50 ശതമാനം എങ്കിലും സൗരോർജ്ജത്തിലേക്ക് മാറൽ എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഹരിതകേരളം മിഷൻ നിർദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ